# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.192 | 08/06/2015 ൽ മറുപടിക്ക് |
|---|---|

### ബാർ കോഴ പ്രശ്നം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എളമരംകരീം | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ബാറുകൾ തുറക്കുന്നതും അടച്ചുപൂട്ടുന്നതും സംബന്ധിച്ച നയങ്ങളുടേയും നടപടികളുടേയും ഭാഗമായി നടന്നതായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ എന്തെല്ലാമായിരുന്നു ; | (എ) | ശ്രീ.കെ.എം.മാണി ഒരു കോടി രൂപ ബാർ ഉടമകളിൽ നിന്ന് കോഴ വാങ്ങിയെന്ന ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ.ബിജു രമേശിന്റെ ആരോപണവും, വി.സി.06/2014/എസ്.ഐ.യു I കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് അദ്ദേഹം മജിസ്ട്രേറ്റ് മുമ്പാകെ നൽകിയ മൊഴിയിൽ എക്സൈസ് വകുപ്പുമന്ത്രി ശ്രീ.കെ.ബാബു ബാർ ലൈസൻസുമായി ബന്ധപ്പെട്ട് കൈക്കൂലി ആവശ്യപ്പെട്ട എന്ന പ്രസ്താവനയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ബാർ കോഴ പ്രശ്നത്തിൽ ആരോപണ വിധേയരായ മന്ത്രിമാർ ആരൊക്കെ; ഓരോ മന്ത്രിമാരെക്കുറിച്ചും ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ എന്തൊക്കെയായിരുന്നു ; | (ബി) | ബാർ കോഴയുമായി ബന്ധപ്പെട്ട് ധനകാര്യ മന്ത്രി ശ്രീ.കെ.എം. മാണി, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബു എന്നിവർ ആരോപണവിധേയരാണ്. ശ്രീ.കെ.എം.മാണി ഒരു കോടി രൂപ ബാർ ഉടമകളിൽ നിന്ന് കോഴ വാങ്ങിയെന്ന ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ.ബിജു രമേശ് ആക്ഷേപം ഉന്നയിച്ച വിഷയം സംബന്ധിച്ച് 01.11.2014-ൽ പ്രതിപക്ഷനേതാവ് ശ്രീ.വി.എസ്.അച്യുതാനന്ദൻ നൽകിയ പരാതിയിൻമേൽ ഒരു വിജിലൻസ് കേസ് (വി.സി.06/2014/ എസ്.ഐ.യു.I) രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണം പുരോഗമന ഘട്ടത്തിലാണ്.<br>ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ.ബിജു രമേശ് വി.സി.06/2014/എസ്.ഐ.യു- I കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് മജിസ്ട്രേറ്റ് മുമ്പാകെ നൽകിയ മൊഴിയിൽ എക്സൈസ് വകുപ്പുമന്ത്രി ശ്രീ.കെ.ബാബു ബാർ ലൈസൻസുമായി ബന്ധപ്പെട്ട് കൈക്കൂലി ആവശ്യപ്പെട്ട എന്ന് പ്രസ്താവിക്കുകയുണ്ടായി. ടി വിഷയം വി.സി.06/2014/ എസ്.ഐ.യു-I മായി ബന്ധപ്പെട്ടതല്ലെന്ന് ടി കേസിലെ അന്വേഷണ ഉദ്യോഗസ്ഥൻ അറിയിച്ചതിനാൽ ടി വിഷയത്തിൽ ഒരു പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും, അന്വേഷണം നടന്നു വരുന്നതുമാണ്. |
| (സി) | ആരോപണങ്ങളെല്ലാം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധമായ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.കെ.എം. മാണിക്കെതിരെ ഉയർന്നു വന്നിട്ടുള്ള ആരോപണങ്ങൾ അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. ശ്രീ.ബാബുവിനെതിരെ പ്രസ്താവിച്ച കാര്യത്തിൽ അന്വേഷണം നടന്നുവരികയാണ്. ടി കാര്യങ്ങൾ കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആകയാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഡി) | അന്വേഷണത്തിന്റെ ഭാഗമായി എത്ര പേർ ചോദ്യം ചെയ്യപ്പെട്ടു ; അതിൽ മന്ത്രിമാർ എത്ര ; അല്ലാത്തവർ ആരൊക്കെ ; എത്ര ശബ്ദരേഖകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് ലഭിച്ചു ; | (ഡി) | കോടതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഇ) | തെളിവുകൾ ശേഖരിക്കുന്നതിന്റെ ഭാഗമായി എത്ര റെയ്ഡുകൾ നടത്തുകയുണ്ടായി ; വിശദമാക്കാമോ ? | (ഇ) | ടി വിഷയത്തിൽ റെയ്ഡുകൾ ഒന്നും നടത്തിയിട്ടില്ല |

സെക്ഷൻ ഓഫീസർ